പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 6127

10-07-2012 – ൽ മറുപടിയ്ക്ക്

**കാർഷിക മേഖലയിലെ യന്ത്രവൽക്കരണം**

ചോദ്യം
ശ്രീ. എം. ഹംസ

ഉത്തരം
ശ്രീ.കെ.പി.മോഹനൻ
(കൃഷിയുംമൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി)

(എ) കാർഷിക മേഖലയിൽ യന്ത്ര വൽക്കരണം നടപ്പിലാക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത്;

(എ) കാർഷിക മേഖലയിൽ യന്ത്രവൽക്കരണം നടപ്പിലാക്കുന്നതിനായി താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1. കർഷകർക്കും പാടശേഖര സമിതികൾക്കും സബ്സിഡി നിരക്കിൽ കാർഷിക യന്ത്രങ്ങൾ വിതരണം ചെയ്യൽ.
2. കാർഷിക യന്ത്രങ്ങളുടെ പ്രവർത്തനത്തിൽ കൃഷി എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ സഹകരണത്തോടെ പരിശീലന പരിപാടികൾ സംഘടിപ്പിക്കൽ.
3. കൃഷി എഞ്ചിനീയറിംഗ് ഓഫീസുകളിൽ പ്രവർത്തിക്കുന്ന കസ്റ്റം ഹയറിംഗ് സെന്ററുകൾ വഴി മിതമായ വാടക നിരക്കിൽ കൃഷി യന്ത്രങ്ങൾ കർഷകർക്ക് ലഭ്യമാക്കൽ.
4. യന്ത്രങ്ങൾ സ്വന്തമായി വാങ്ങുന്ന കർഷകർക്ക് ആവശ്യമായ സാങ്കേതിക സഹായങ്ങൾ നൽകൽ.

(ബി) പ്രസ്തുത നടപടികൾ കുറ്റമറ്റതാണെന്ന അഭിപ്രായം സർക്കാരിനുണ്ടോ;

(ബി) ഉണ്ട്

(സി) ഇല്ലെങ്കിൽ യന്ത്രവൽക്കരണം ശക്തിപ്പെടുത്തുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) ബാധകമല്ല

(ഡി) കാർഷിക മേഖലയിൽ യന്ത്ര വൽക്കരണം ശക്തിപ്പെടുത്തുന്നതിനായി 2012-13 വർഷത്തിൽ എത്ര തുക നീക്കിവച്ചിട്ടുണ്ട്;

(ഡി) 1040.00 ലക്ഷം രൂപ

| | | | |
|---|---|---|---|
| (ഇ) | പ്രസ്തുത തുക പര്യാപ്തമല്ലെന്ന ആക്ഷേപം ശ്രദ്ധയിലുണ്ടോ; ഉണ്ടെങ്കിൽ തുക വർദ്ധിപ്പി ക്കുമോ? | (ഇ) | ഇല്ല. കാർഷിക യന്ത്രവൽക്കരണവുമായി ബന്ധപ്പെട്ട പദ്ധതികൾക്കായി കൃഷി വകുപ്പിനൊപ്പം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും തുക നീക്കിവെച്ചിട്ടുണ്ട്. കുട്ടനാട് പാക്കേജ് തുടങ്ങിയ പദ്ധതികൾക്ക് കീഴിൽ ഗണ്യമായ തുക യന്ത്രവൽക്കരണത്തിന് നൽകിയിട്ടുണ്ട്. തൃശൂർ കോൾ മേഖലയ്ക്കായി കാർഷിക യന്ത്രവൽക്കരണ ത്തിന് ഒരു പാക്കേജ് രൂപപ്പെടുത്തിയിട്ടുണ്ട്. |

Ramesh

സെക്ഷൻ ഓഫീസർ